## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2744 — 06.11.2019-ൽ മറുപടിയ്ക്ക്.

## ആർ. സി.ഇ. പി. കരാർ മൂലം ക്ഷീര കർഷകർക്കും ക്ഷീര മേഖലയിലും ഉണ്ടാവുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) ആർ.സി.ഇ.പി. കരാർ ഒപ്പ വയ്ക്കുന്നതോടെ സംസ്ഥാനത്തെ ക്ഷീര കർഷകർക്കും ക്ഷീര മേഖലയിലും ഉണ്ടാവുന്ന പ്രതിസന്ധി ഏത് തരത്തിലായിരിക്കുമെന്നാണ് സർക്കാർ കരുതുന്നത്; വിശദമാക്കാമോ; | (എ) ആർ.സി.ഇ.പി കരാറിന്റെ പരിധിയിൽ വരുന്ന ന്യൂസിലാൻഡ്, ആസ്ട്രേലിയ എന്നീ രാജ്യങ്ങൾ അവരുടെ ആഭ്യന്തര പാൽ ഉല്പാദനത്തിന്റെ 86 ശതമാനവും കയറ്റുമതി ചെയ്യുമ്പോൾ ലോകത്തെ ഏറ്റവും വലിയ പാൽ ഉല്പാദക രാജ്യമായ ഇന്ത്യയുടെ വിദേശ വിപണി കേവലം 0.3 ശതമാനം മാത്രമാണ്. കരാറിന്റെ ഭാഗമായി ഇറക്കുമതി ചുങ്കം പൂജ്യം വരെ ആകാമെന്ന വ്യവസ്ഥയുള്ളപ്പോൾ വൻതോതിൽ പാലും പാലുല്പന്നങ്ങളും ഇന്ത്യൻ വിപണിയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് നമ്മുടെ ക്ഷീര കർഷകരെ പ്രതികൂലമായി ബാധിക്കുകയും തദ്ദേശീയ മാർക്കറ്റ് ഇല്ലാതാവുകയും, ഗ്രാമീണ സമ്പദ്ഘടന തകർന്നടിയുന്നതിനും കാരണമാകും. |
| (ബി) ക്ഷീര കർഷകരെ ദോഷകരമായി ബാധിക്കുന്ന ഈ കരാറിൽ നിന്നും പിൻമാറുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ എന്നറിയിക്കാമോ? | (ബി) ക്ഷീര കർഷകരെ ബാധിക്കുന്ന ഈ കരാറിൽ നിന്നും പിൻമാറുകയോ ക്ഷീര മേഖലയെ എങ്കിലും ഒഴിവാക്കുകയോ ചെയ്യണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിനായുള്ള സമ്മർദ്ദങ്ങൾ ചെലുത്തുകയും ചെയ്യുന്നുണ്ട്.<br>Regional Comprehensive Economic Partner ship (RCEP) കരാർ രൂപീകരണത്തിന്റെ പ്രാരംഭഘട്ടത്തിൽ തന്നെ, അതായത് 2017 മെയ് മാസം, ഈ കരാർ മൂലം ഉണ്ടാകാനിടയുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ബഹു.പ്രധാനമന്ത്രിക്കും, ബഹു.കേന്ദ്രകൃഷി മന്ത്രിക്കും, സ്വാതന്ത്ര ചുമതലയുണ്ടായിരുന്ന ബഹു.കേന്ദ്ര വാണിജ്യ വകുപ്പ് സഹമന്ത്രിക്കും വിശദമായ കത്ത് നൽകിയിരുന്നു. 2017 ജൂലൈയിൽ നടക്കാൻ പോകുന്ന ചർച്ചകൾക്ക് മുന്നോടിയായി സംസ്ഥാന സർക്കാരുകളുമായി ഈ വിഷയത്തിൽ വിശദമായ ചർച്ചകൾ |

നടത്തണമെന്ന് കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഈ കരാർ നിലവിൽ വന്നാൽ കേരളത്തിലെ ക്ഷീരരംഗം ഉൾപ്പെടെ ഇന്ത്യയിലെ ക്ഷീരരംഗം നേരിട്ടേക്കാവുന്ന വെല്ലുവിളികൾ സംബന്ധിച്ച് ഈ കത്തിൽ സവിസ്തരം പരാമർശിച്ചിരുന്നു.

RCEP കരാർ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ 2019 ഫെബ്രുവരിയിൽ തന്നെ ഇതിന്റെ പ്രത്യാഘാതങ്ങളെ ക്കുറിച്ച് ക്ഷീരകർഷകരെ ബോദ്ധ്യപ്പെടുത്തുന്നതി- നായി ആലപ്പുഴയിൽ വച്ച് ഈ മേഖലയിലെ വിദഗ്ദരെ പങ്കെടുപ്പിച്ച് ഓപ്പൺ ഫോറം ശിൽപ്പശാല നടത്തുകയും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ക്ഷീരസംഘങ്ങളിലും ആർ.സി.ഇ.പി. കരാർ നടപ്പിലാക്കുന്നതിലൂടെ സംഭവിക്കാവുന്ന ബുദ്ധിമുട്ടു- കളെക്കുറിച്ച് ക്ഷീരകർഷകർക്ക് ബോധവൽക്കരണ പരിപാടിയും സംഘടിപ്പിച്ചു വരുന്നു.

ആർ.സി.ഇ.പി. കരാർ ക്ഷീരമേഖലയിലുണ്ടാക്കി- യേക്കാവുന്ന ദോഷഫലങ്ങൾ സംബന്ധിച്ച് ബഹു.പ്രധാനമന്ത്രി, ബഹു.കേന്ദ്രവാണിജ്യമന്ത്രി, ബഹു.കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് മന്ത്രി എന്നിവർക്ക് വിശദമായ കത്ത് 2019 ഒക്ടോബറിൽ വീണ്ടും അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഉൽകണ്ഠ ഇതിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**